# കേരള സർക്കാർ

## പൊതു വിദ്യാഭ്യാസ വകുപ്പ്

### നഴ്സറി ടീച്ചർ എഡ്യൂക്കേഷൻ കോഴ്സ്

2026-2028

# വിജ്ഞാപനം


പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ജഗതി, തിരുവനന്തപുരം - 14.

Web: www.education.kerala.gov.in
E-mail: supdtns.dge@kerala.gov.in

നം. എൻ.എസ്.(4)/9884/2026/ഡി.ജി.ഇ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ജഗതി ,തിരുവനന്തപുരം
തീയതി. 09/06/2026
**ഇ-മെയിൽ-** supdtns.dge@kerala.gov.in

## വിജ്ഞാപനം

പൊതുവിദ്യാഭ്യാസം പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് എന്നറിയപ്പെട്ടിരുന്നതും, നഴ്സറി ടീച്ചർ എഡ്യൂക്കേഷൻ കോഴ്സസ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടതുമായ ദ്വിവൽസര പ്രീ-പ്രൈമറി അദ്ധ്യാപക പരിശീലനം 2026-28 വർഷത്തേക്കുള്ള കോഴ്സിലേക്ക് യോഗ്യതയുള്ളവരിൽ നിന്നും നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

### 1. പൊതു നിബന്ധനകൾ

അപേക്ഷകർ 45%-ൽ കുറയാതെ മാർക്കോടെ ഹയർ സെക്കണ്ടറി അഥവാ തത്തുല്യ പരീക്ഷ പാസായിരിക്കണം. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് യോഗ്യത പരീക്ഷ പാസായാൽ മതിയാകും. ഒ.ബി.സി വിഭാഗത്തിൽപ്പെടുന്നവർക്ക് 2% മാർക്ക് ഇളവ് ലഭിക്കുന്നതാണ്. എൻ.സി.ടി.ഇ നിശ്ചയിച്ചിട്ടുള്ള സീറ്റുകളിലേക്ക് മാത്രമാണ് അഡ്മിഷൻ നടത്തുന്നത്. പ്രസ്തുത കോഴ്സിന് പ്രവേശനം ലഭിക്കുവാൻ ആഗ്രഹിക്കുന്ന അപേക്ഷകർ പ്രവേശിക്കുവാൻ ഉദ്ദേശിക്കുന്ന സർക്കാർ/അംഗീകൃത സ്ഥാപനത്തിൽ നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. 2026 വർഷത്തെ കോഴ്സ് നടത്തുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം 1- ആയി ചേർത്തിട്ടുണ്ട്.

### II. പ്രായപരിധി

അപേക്ഷകന് 01.06.2026-ൽ 17 വയസ്സ് പൂർത്തിയായിരിക്കണം എന്നാൽ 33 വയസ്സ് കഴിയുവാൻ പാടില്ല. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ 5 വർഷവും ഒ.ബി.സി വിഭാഗത്തിന് 3 വർഷവും വയസ്സിളവ് ലഭിക്കുന്നതാണ്. കൂടാതെ ഗവൺമെന്റ് അംഗീകൃത പ്രീ-പ്രൈമറി

വിഭാഗങ്ങളിലെ ടീച്ചർമാർക്ക് 2 വർഷത്തെ അദ്ധ്യാപക പ്രവൃത്തി പരിചയത്തിന് ഒരു വർഷത്തെ വയസ്സിളവ് എന്ന തോതിൽ പരമാവധി 3 വർഷം വരെ വയസ്സിളവ് ലഭിക്കും. പ്രവൃത്തി പരിചയ സാക്ഷ്യപത്രം അതത് ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

## III. അപേക്ഷിക്കേണ്ട രീതി

അപേക്ഷാഫോറത്തിന്റെ മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്. നിശ്ചിത ഫോറത്തിൽ തന്നെ അപേക്ഷ സമർപ്പിക്കണം. അപേക്ഷാഫോറത്തിന്റെ കോളങ്ങൾ ഒന്നും തന്നെ പൂരിപ്പിക്കാതെ ഒഴിവാക്കിയിടാൻ പാടില്ല. ബാധകമല്ലാത്ത കോളങ്ങൾ ബാധകമല്ല എന്ന് പൂരിപ്പിക്കേണ്ടതാണ്. പ്രവേശനത്തിനുള്ള അപേക്ഷയുടെ മാതൃക ഇതോടൊപ്പം അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്. മാതൃകാഫോറം www.education.kerala.gov.in എന്ന വെബ്സൈറ്റിലും ലഭിക്കുന്നതാണ്.

## IV. തെരഞ്ഞെടുപ്പ് രീതി

യോഗ്യത പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സാമുദായിക സംവരണവും ഓരോ വിഭാഗത്തിന്റെയും സംവരണ വ്യവസ്ഥയും പാലിച്ചുകൊണ്ടായിരിക്കും കോഴ്സിന് പ്രവേശനം നൽകുന്നത്.

## V. സംവരണം

മറ്റ് അംഗീകൃത കോഴ്സുകൾക്ക് നൽകുന്നതുപോലെ, തയ്യാറാക്കപ്പെട്ട റാങ്ക് ലിസ്റ്റിൽ നിന്നും സാമുദായിക സംവരണം ഏർപ്പെടുത്തേണ്ടതാണ്. 4% സീറ്റുകൾ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്നു. 10% സീറ്റുകൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക സമുദായങ്ങൾക്ക് സംവരണം ചെയ്തിട്ടുണ്ട്. ഗ്രേസ് മാർക്ക്, ബോണസ് മാർക്ക് എന്നിവ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായിട്ടായിരിക്കും പരിഗണിക്കുന്നത്.

സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ്

കോഴ്സിന് സർക്കാർ ഉത്തരവ് (അച്ചടി) നം.6/2022/പൊ.വി.വ. തീയതി 22.04.2022 ഉത്തരവ് പ്രകാരം നിശ്ചയിച്ച ഫീസ് ഘടന പ്രകാരം മാത്രമേ കുട്ടികളിൽ നിന്നും ഫീസ് ഈടാക്കാൻ പാടുള്ളൂ. ഫീസ് ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| അഡ്മിഷൻ ഫീ | 100/- |
| ട്യൂഷൻ ഫീ | 1480/- (per month) |
| ഡവലപ്പ്മെന്റ് ഫീ | 10000/- (per year) |
| ആപ്ലിക്കേഷൻ ഫീ | 100/- |

സ്വാശ്രയ സ്ഥാപനങ്ങളിൽ തിരഞ്ഞെടുക്കപ്പെടുന്നതിന് അതത് സ്ഥാപനത്തിന്റെ മാനേജർമാരുടെ പേരിലെടുത്ത 100 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം അപേക്ഷ നൽകേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർ അപേക്ഷാ ഫീസ് അടയ്ക്കേണ്ടതില്ല.

<u>VI നിബന്ധനകൾ</u>

1) **അപേക്ഷകൾ 01/07/2026 വൈകുന്നേരം 5 മണിക്ക് മുമ്പായി ബന്ധപ്പെട്ട പി.പി.ടി.ടി.ഐ-കളിൽ ലഭ്യമാക്കേണ്ടതാണ്.** നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതും, അപാകതകൾ ഉള്ളതും, സമയപരിധി കഴിഞ്ഞ് ലഭിക്കുന്നതുമായ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.
2) അപേക്ഷയോടൊപ്പം ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകളുടെ ഫോട്ടോ കോപ്പികൾ സ്വയം സാക്ഷ്യപ്പെടുത്തിയിരിക്കണം. അല്ലാത്തവ നിരസിയ്ക്കുന്നതാണ്.
3) തെരഞ്ഞെടുക്കപ്പെടുന്നവർ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സൽ, റ്റി.സി എന്നിവ ബന്ധപ്പെട്ട സെന്ററിൽ പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.
4) പ്രവേശനം ലഭിക്കുന്നവർ അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ പിന്നീട് തെറ്റാണെന്ന് തെളിഞ്ഞാലോ, മതിയായ മറ്റു യോഗ്യതകൾ ഇല്ലെന്ന് കണ്ടാലോ പ്രവേശനം അസാധുവാക്കാനുള്ള അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്.
5) ട്രെയിനിങ്ങിനു ശേഷം നിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ

ഡയറക്ടർ ബാദ്ധ്യസ്ഥനല്ല.

6. കയ്യൊപ്പ് രേഖപ്പെടുത്താത്തതും അപൂർണ്ണവുമായ അപേക്ഷകൾ മറ്റൊരറിയിപ്പ് കൂടാതെ നിരസിക്കുന്നതായിരിക്കും.
7. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിലുള്ള അപേക്ഷകൾ ആനുകൂല്യത്തിനായി ബന്ധപ്പെട്ട മെഡിക്കൽ ബോർഡിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
8. വിജ്ഞാപനത്തിൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രവേശനം നടത്താത്ത സ്ഥാപന അധികാരികൾക്കെതിരെ നടപടി സ്വീകരിക്കുന്നതും ടി സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ പൊതു പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതുമല്ല.

**2026-28 വർഷത്തെ ക്ലാസുകൾ 01/07/2026 -ന് തുടങ്ങേണ്ടതും അതിനു മുമ്പായി പ്രവേശന നടപടികൾ പൂർത്തീകരിക്കേണ്ടതുമാണ്.**

പൊതുവിദ്യാഭ്യാസ ഡയറക്ടർ

Digitally signed by
Asif K Yusuf
Date: 09-06-2026
13:09:09

സ്വീകർത്താവ് -

1. എല്ലാവിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം.
3. എല്ലാ സർക്കാർ പി.പി.ടി.ടി.ഐ.കൾക്കും.
4. എല്ലാ സർക്കാർ അംഗീകൃത പി.പി.ടി.ടി.ഐ.കൾക്കും.

പകർപ്പ്

1. എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും (ഡി.ഡി.ഇ.മുഖേന)
2. ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്

(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

1) പൊതുവിദ്യാഭ്യാസ ഡയറക്ടർ/പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)/പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ട്ടർ (അക്കാദമിക്) /വിദ്യാഭ്യാസ ഉപഡയറക്ടർ (എംപ്ലോയ്മെന്റ്)–സി.എ.മുഖേന
2) സൂപ്രണ്ട്, എച്ച് സെക്ഷൻ, പരീക്ഷാഭവൻ, പൂജപ്പുര
3) കരുതൽ ഫയൽ.

<u>Annexure-I</u>

| LIST OF GOVT AND GOVT RECOGNISED INSTITUTIONS FOR NURSERY TEACHER EDUCATION COURSE FOR THE YEAR 2026-28<br>(Vide Notification No. N.S.(4)/9884/2026 Dated: 09/06/2026) | | |
|---|---|---|
| Sl.No. | Name of Institution | No. of Seats |
| **I) Government** | | |
| 1 | Govt PPTTI, Cotton Hill, Sasthamangalam P.O, Thiruvananthapuram-695 010<br>Phone No.0471 2721981 E-mail Id-cottonhill.pptti@gmail.com | |
| 2 | Govt PPTTI, Iron Bridge P.O, Alapuzha, Phone No.0477-2230631 E-Emil Id-agp267.alappuzha@gmil.com | |
| 3 | Govt PPTTI, Nadakkavu, Kozhikode-673 006, Phone No.0495 2368657 E-Emil Id-gttiwomenkkd@gmail.com | |
| **II) Govt. Approved (Self financing)** | | |
| 1 | Jay Bharat PPTTI, Near Guest House, Avanavancherry, Attingal, Thiruvanahtpuram-695 103, Phone No.0470 2633100 E-Emil Id-jaybharathl@gmail.com | |
| 2 | Abdul Salam PPTTI, Chandanathope, Kollam Phone No.0474-2715688 Emil Id- crescentmet@gmail.com | |
| 3 | Kasthurba Gandhi Smaraka PPTTI, Kadavoor, Thevally, Kollam Mobile No. 9447625563 E-Emil Id- kgmwcs677@gmail.com | |
| 4 | Marthoma PPTTI, Manjady P.O, Thiruvalla Phone No.0469 2701043 E-Emil Id- mtnurserytts@gmail.com | |
| 5 | Sree Naryana PPTTI, Bharanikkavu, North Kayamkulam-690 541 Phone No.0479 233002 E-Emil Id- anchayilreghu@gmail.com | |
| 6 | Baker Memorial PPTTI, Kottayam Mobile No. 9995019910 E-Emil Id-bmpptti@gmail.com | |
| 7 | S.H.PPTTI, Pala, Kottayam Phone No.0482-2216581 E-Emil Id-shppttipala@gmail.com | |
| 8 | Ezuthachan Smaraka PPTTI, Veekshanam Road, Ernakulam North Phone No.0484 2106033 E-Emil Id- ezhuthachanpptti@gmail.com | |
| 9 | Vidya PPTTI, Cheerachi P.O, Ollur, Thrissur-680 306 Mobile No. 9447771858 E-Emil Id- vidyapptti@gmail.com | |

Director of General Education

Annexure-II

# APPLICATION FOR THE ADMISSION TO NURSERY TEACHER EDUCATION COURSE 2026-28

(Vide Notification NO. N.S.(4)/9884/2026 Dated: 09/06/2026)

1. Name of applicant (In Block letters) :

---

2. Name of Parent/Guardian with relationship :

---

3. Address to which Communications are to be sent. (Specify District with pincode) :

   Contact Telephone No. :

---

4. Age and Date of birth (in figures & words) (Age as on 01.06.2026) :

---

5. Sex :

---

6. If the applicant belong to a backward class or SC/ST, State the community and Sub division if any :

---

7. Applicant's mother tongue :

---

8. Qualifications :

| | | |
|---|---|---|
| **(i)** | PDC/10+2/Vocational Higher Secondary or Equivalent | : |
| (a) | Reg.No. & Year of Passing | : |
| (b) | Name of the Board or University issued the certificate | : |
| (c) | Number of chances | : |
| (d) | Total marks obtained | : |
| (e) | Percentage | : |
| **(ii)** | Degree | : |
| (a) | Reg.No.& Year of Passing | : |
| (b) | Name of University | : |
| (c) | Total Marks obtained | : |
| **(iii)** | Additional qualification If any | : |

9. Whether the applicant has distinguished Record of performance in Drama, Music Dance etc If yes :

(1) In which items?
(2) At what level?
(3) School level
(4) District level
(5) State level

---

10. Whether the applicant has Distinguished herself in Obtaining certificates in Sports/Games, if yes
    (1) In which Items?
    (2) At what level?
    (3) School level
    (4) District level
    (5) State level

---

11. Whether the candidate was a member Of the NCC, ACC, Scout, Guide etc (Give details) :

---

12. Name and Address of Training centre Opted for admission :

---

**Note:** True copies of Certificates to prove Age, Caste and Qualifications (Curricular & Co-Curricular etc). to be attached along with the application form.

---

**DECLARATION**

I…………………………………………………………hereby declare that the particulars furnished above are true and the original certificates are kept in my possession.

Place:

Date:

**Signature of the applicant**

**ORDERS OF HEADMISTRESS**

Admission Number Class Date of Admission

Annexure-III

**List of candidates admitted for First Year Nursery Teacher Education Course 2026-2028**

**(Vide Notification No.** N.S.(4)/9884/2026 Dated: 09/06/2026)

Name of Training School ……………………………….. Educational District ………………………………

Revenue District …………………………………

| Sl. No. | Admission No | Name of the Candidate | Sex M/F | Date of Birth | Age as on 01.06.2024 | Religion & Caste | Whether SC/ST/OBC | Name of Guardian | Name of qualifying exam passed | Percentage of marks obtained in the qualifying exam | Full Address of Candidate with pin code | Passport Size photograph of candidates | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | |
| | | | | | | | | | | | | | |

Certified that the entries made above are verified with reference to the relevant records and found correct.

Place:

Name and Signature of Principal

Date:

I certified that the particulars entered in this form are found correct as per the SSLC, and certificates of qualifying examinations.

Place: Office Seal Name and Signature of

Date: Deputy Director of Education